II തിരുത്തിയ ഉത്തരം

2222 -ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരിം) : സർ, 12-ാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 2010 ജൂലൈ 8-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത 2222-ാം നമ്പർ ചോദ്യത്തിന്റെ 'സി' പിരിവിൽ നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

III അടിയന്തരപ്രമേയം

സുനാമി പുനരധിവാസ പദ്ധതി

മി. സ്പീക്കർ : സുനാമി റീഹാബിലിറ്റേഷൻ പദ്ധതി പ്രകാരം ഒന്നാം ഘട്ടമായി 11000 വീടുകൾ നിർമ്മിക്കാൻ മന്ത്രിസഭ തീരുമാനിച്ച് രണ്ടരവർഷം കഴിഞ്ഞിട്ടും പകുതി വീടുകളുടെ നിർമ്മാണംപോലും പൂർത്തീകരിക്കാത്തതിനാൽ സുനാമി ബാധിതരെ പുനരധിവസിപ്പിക്കാൻ കഴിയാത്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. സി. ജോർജ്, കെ. സി. ജോസഫ്, കെ. പി. മോഹനൻ, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി.രാജേന്ദ്രൻ) : സർ, സുനാമി പുനരധിവാസ പദ്ധതിപ്രകാരം ടെണ്ടർ പാക്കേജിലും സ്പെഷ്യൽ പാക്കേജിലുമായി നിർമ്മിച്ചു നൽകേണ്ട മൊത്തം 12,108 വീടുകളിൽ 4657 വീടുകളുടെ താക്കോൽദാനം നടത്തിയിട്ടുണ്ട്. 7421 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. 174 വീടുകളുടെ നിർമ്മാണം സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലാണ്. തിരുവനന്തപുരം ജില്ലയിലെ 658 വീടുകളിൽ ബീമാപള്ളിയിലെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറി. പേട്ടയിലും തിരുപുറത്തും നിർമ്മിച്ച വീടുകളുടെ താക്കോൽ അടുത്ത ആഴ്ച കൈമാറാൻ പോകുകയാണ്. സുനാമി പുനരധിവാസ ഭവന പദ്ധതിപ്രകാരം അഞ്ച് തെക്കൻ ജില്ലകളിലെ വീടുകളുടെ നിർമ്മാണം വിവിധ ഏജൻസികൾ മുഖേനയും വടക്കൻജില്ലകളിൽ ഹൗസിംഗ് ബോർഡുമാണ് നിർവ്വഹിക്കുന്നത്. ഇവരെ തെരഞ്ഞെടുത്തത് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് അനുസരിച്ച് നിയമാനുസൃതമായി നടപടിക്രമങ്ങൾ പാലിച്ചാണ്. ഇവിടെ അടിയന്തരപ്രമേയ നോട്ടീസിൽ ചൂണ്ടിക്കാണിച്ച അഞ്ചുതെങ്ങിലെ വീടുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവിടെ മണ്ണ് പരിശോധനയ്ക്കായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിച്ചു. അവർ സാൻഡ് പൈലിംഗിന് നിർദ്ദേശിച്ചു. സാൻഡ് പൈലിംഗിന് ഹാബിറ്റാറ്റ് സമർപ്പിച്ച

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly